വനിത ശിശുവികസന വകുപ്പ്

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അദീല അബ്ദുല്ല IAS ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:** - വനിതാ ശിശു വികസന വകുപ്പ്- ICPS- ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2021 ഓഗസ്റ്റ് വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:**-1. ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPU(A)-838/21 തീയതി:15.09.2021

2. 05.03.2021 ലെ വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയില് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

## *ഉത്തരവ് നമ്പർ*- ICPS 4(B)/31318 /14 *തീയതി:* 28.09.2021

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പരാമർശം 1 പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ലഭ്യത രഹിത സാക്ഷ്യപത്രം ലഭ്യമാക്കിയ സാഹചര്യത്തില് പ്രതിമാസം 15,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്. കൂടാതെ പരാമർശം 2 പ്രകാരം ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം വാടകയിൽ പരമാവധി അനുവദിക്കാവുന്ന 15,000/- രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു അനുമതി നൽകി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമുണ്ട്.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2021 ഓഗസ്റ്റ് വരെയുള്ള 6 മാസത്തേക്ക്

പ്രതിമാസം 15,000/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം)** നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ DCPU റെന്റ് കമ്പോണന്റിൽ നിന്നും ആലപ്പുഴ ജില്ലാ വനിത ശിശു വികസന ആഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ആഫീസർ ടി തുക ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. **90,000/-** രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ***ഡയറക്ടർ*** &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിത ശിശു വികസന ആഫീസറുടെ ആലപ്പുഴ

**പകർപ്പ്:**

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ആലപ്പുഴ
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. **സ്റ്റോക്ക് ഫയൽ**
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT